LIBRARY ARCHIVES Kerala Legislative Assembly

ഗുരുവായൂർ -തിരുനാവായ റെയിൽവേ ലൈൻ

65 (4056) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം ആർത്താറ്റ് വഴിയുള്ള ഗുരുവായൂർ തിരുനാവായ റെയിൽവെ ലൈനിന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് അറിയിക്കാമോ ;

(ബി) ഇതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുവോ ;

(സി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗുരുവായൂർ-തിരുനാവായ റെയിൽവെ ലൈനിന്റെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് മലപ്പുറം ജില്ലാ കളക്ടറും റെയിൽവെയും കൂടി നിർദ്ദേശിച്ചിട്ടുള്ള കനോലി കനാലിന് സമീപത്തുകൂടി അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 27-10-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്നംകുളം വഴിയുള്ള അലൈൻമെന്റ് സ്വീകരിക്കുന്നതിനാണ് തീരുമാനിച്ച് റെയിൽവേയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) ലൊക്കേഷൻ സർവ്വേ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സർവ്വേ നടപടികൾ ആരംഭിക്കുകയുള്ളൂ.

(സി&ഡി) ബഡ്ജറ്റിന് മുന്നോടിയായി റെയിൽവേയ്ക്ക് സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിലൂടെയും കേരളത്തിലെ എം.പി.-മാർ മുഖേനയും ഈ ആവശ്യം സംസ്ഥാന സർക്കാർ നിരന്തരം ഉന്നയിക്കുന്നുണ്ട്.

ടെയിനുകളിൽ പുതിയ ബോഗികൾ ഘടിപ്പിക്കാൻ നടപടി

66 (4057) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ടെയിനുകളിലെ ബോഗികൾ ഏറ്റവും മോശമായവയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;